## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1616** — **5.12.2014-ൽ മറുപടിക്ക്**

### ചേരിവികസനത്തിനുള്ള വിവിധ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ചേരിവികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) രാജീവ് ആവാസ് യോജന (RAY), ബേസിക് സർവീസസ് ഫോർ അർബൻ പുവർ (BSUP), സംയോജിത പാർപ്പിട ചേരിവികസന പദ്ധതി (IHSDP), എന്നിവയാണ് ചേരിവികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ. |
| (ബി) ചേരിവികസനത്തിനുള്ള കേന്ദ്ര പദ്ധതികൾ ഏതെല്ലാം; ഇവയുടെ സംസ്ഥാനത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (ബി) RAY, BSUP, IHSDP, എന്നിവയാണ് ചേരിവികസനത്തിനായുള്ള കേന്ദ്ര പദ്ധതികൾ. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും, കണ്ണൂർ നഗരസഭ യിലുമാണ് RAY പദ്ധതി നടപ്പിലാക്കുന്നത്. BSUP പദ്ധതി പ്രകാരം 343.40 കോടി രൂപയുടെ അടങ്കൽ തുകയുടെ പദ്ധതിക്കാണ് കേന്ദ്രാനുമതി നൽകിയിട്ടുള്ളത്. തിരുവനന്തപുരം മേഖലയിൽ 12513 ദരിദ്ര കുടുംബങ്ങൾക്കും കൊച്ചി മേഖലയിൽ 9744 ദരിദ്ര കുടുംബങ്ങൾക്കും പുതിയ വീടുകൾ ലഭ്യമാകും. തിരുവനന്തപുരത്ത് 7424 വീടുകളുടേയും, കൊച്ചിയിൽ 7159 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 45 മുനിസിപ്പാലിറ്റികളിലും, തൃശൂർ, കോഴിക്കോട് കോർപ്പറേഷനുകളിലുമാണ് IHSDP പദ്ധതി നടപ്പിലാക്കുന്നത്. 27332 ലക്ഷം രൂപയുടെ പദ്ധതിക്കാണ് കേന്ദ്രാനുമതി ലഭ്യമായിട്ടുള്ളത്. 17100 വീടുകളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. |
| സി) രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ; | (സി) തിരുവനന്തപുരം കോർപ്പറേഷനിലെ മതിപ്പുറം, കൊല്ലം കോർപ്പറേഷനിലെ SMP പാലസ്, കൊച്ചി കോർപ്പറേഷനിലെ തുരുത്തി, തൃശൂർ കോർപ്പറേഷനിലെ നെല്ലങ്കര ഹരിജൻ ലക്ഷം വീട് കോളനി, കോഴിക്കോട് കോർപ്പറേഷനിലെ മാലൂർ കുന്ന് എന്നീ കോളനികളാണ് രാജീവ് ആവാസ് യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ |
| ഡി) തിരുവനന്തപുരം നഗരത്തിലെ ചെങ്കൽചൂള പ്രദേശത്തിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) KURDFC, അർബൻ ഹൗസിംഗ് മിഷൻ, എന്നീ ഏജൻസികളുടെ സഹായത്തോടെ പൊതുമേഖലാ പങ്കാളിത്തത്തിൽ ചെങ്കൽചൂള കോളനിയുടെ സമഗ്രവികസന ത്തിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ